**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ആയുർവേദ പി.ജി പ്രവേശനം 2018-19 - എം.ഡി ആയുർവേദ (വാചസ്പതി) & എം.എസ് ആയുർവേദ (ധന്വന്തരി)- ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം സീറ്റ് മെട്രിക്സ് പരിഷ്കരിച്ച്- പ്രോസ്പെക്ടസിൽ ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 583 /2018/ആയുഷ് തീയതി, തിരുവനന്തപുരം, 13.11.2018.

---

പരാമർശം: 1. 20.07.2018 ലെ സ.ഉ (സാധാ) നം.405/2018/ആയുഷ് നമ്പർ സർക്കാർ ഉത്തരവ്.
2. 12.10.2018 ലെ സ.ഉ (സാധാ) നം. 532/2018/ആയുഷ് നമ്പർ സർക്കാർ ഉത്തരവ്.
3. 22.10.2018 ലെ സ.ഉ (സാധാ) നം. 550/2018/ആയുഷ് നമ്പർ സർക്കാർ ഉത്തരവ്.
4. WP(c) No.35190 & 32426/2018 എന്നീ കേസുകളിലെ 12.01.2018 ലെ കോടതി വിധി
5. WP(c) 36053/2018 കേസിലെ 12.01.2018 ലെ കോടതി വിധി
6. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 13.11.2018 ലെ ജി3/1083/2018/ഡി.എ.എം.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ആയുർവേദ പി.ജി കോഴ്സുകളായ എം.ഡി ആയുർവേദ (വാചസ്പതി) & എം.എസ് ആയുർവേദ (ധന്വന്തരി) കോഴ്സുകളുടെ 2018-19 വർഷത്തെ പ്രവേശനം സംബന്ധിച്ച് പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച പ്രോസ്പെക്ടസിലെ സർക്കാർ മെറിറ്റ് സീറ്റുകളിലേക്കുള്ള സീറ്റ് മെട്രിക്സ് സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾക്ക് 15% സീറ്റുകളിലേക്ക് പ്രവേശനത്തിന് അനുമതി നൽകിയ പരാമർശം 2ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ പരിഷ്കരിച്ച് ഭേദഗതി വരുത്തി പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം 4 പ്രകാരമുള്ള കോടതിവിധിയിലെ അപേക്ഷകർക്ക് ആയുർവേദ പി.ജി കോഴ്സുകൾക്ക് ഓൺലൈൻ വഴി അപേക്ഷ നൽകുന്നതിന് അനുവദിക്കണമെന്നും, യോഗ്യതയുടെ അടിസ്ഥാനത്തിൽ അവർക്ക് അനുവദിച്ചിട്ടുള്ള ഭിന്നശേഷി ക്വോട്ടായിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകണമെന്ന കോടതി ഉത്തരവിന്റെയും പരാമർശം 3ലെ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയ സീറ്റ് മെട്രിക്സ്പ്രകാരം സർക്കാർ കോളേജുകളിലെ സീറ്റുകൾ സംവരണ വിഭാഗങ്ങൾക്ക് അനുവദിച്ചതിനെ തുടർന്ന് പൊതു വിഭാഗത്തിന് സീറ്റുകൾ കുറഞ്ഞത് പുന:പരിശോധിക്കണമെന്ന പരാമർശം 5ലെ കോടതി വിധിയുടേയും അടിസ്ഥാനത്തിൽ സീറ്റ് മെട്രിക്സ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 6ലെ കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2018-19 ലെ ആയുർവേദ പി.ജി പ്രവേശനം സംബന്ധിച്ച് പരാമർശം 1,3 പ്രകാരം അംഗീകരിച്ച പ്രോസ്പെക്ടസിലെ അനക്സർ II, III, III A, III B, III C, III D, III E, III F, III G, IIIH, III I, III J എന്നിവയിൽ പരാമർശം 4,5 ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭേദഗതി വരുത്തിയ അനക്സറുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഭൂഷൺ വി
അഡീഷണൽ സെക്രട്ടറി

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ